**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35 — 29.05.2019-ലെ മറുപടിയ്ക്ക്

**<u>കായിക വിനോദം ജനകീയമാക്കുന്നതിനായി പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, ജോർജ് എം. തോമസ്<br>,, റ്റി.വി.രാജേഷ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക മേഖലയിൽ പുത്തൻ ഉണർവ്വുണ്ടാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) | കായിക മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കുന്നതിനായി 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 57 സ്റ്റേഡിയങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 34 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ സാങ്കേതികാനുമതി ലഭിച്ച സ്റ്റേഡിയങ്ങളിൽ 27 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടെ എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയഅന്തർദേശീയ മത്സരങ്ങൾക്ക് കേരളം സജ്ജമാവുകയും ചെയ്യുന്നതാണ്.<br>കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം. |

പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്. കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)**

നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**പ്ലേ ഫോർ ഹെൽത്ത്**

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് . കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

**സപ്ലാഷ് & എയ്സ്**

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സപ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**കളിത്തട്ട്**

കേരളത്തിന്റെ തനത് കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന

| | | | |
|---|---|---|---|
| | | | പദ്ധതിയാണ് കളിത്തട്ട്.<br>**<u>ട്രിവാൻഡ്രം മാരത്തോൺ</u>**<br>കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ.<br>**<u>ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ</u>**<br>കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018" സംഘടിപ്പിക്കുകയുണ്ടായി.<br>**<u>ഷൂട്ടിംഗ് അക്കാഡമി</u>**<br>35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിർമ്മിച്ചിട്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള ഷൂട്ടിംഗ് റേഞ്ചിൽ 30 കോടിയോളം രൂപ ചെലവിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമിയിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനും ദേശീയ-അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനുമുള്ള സൗകര്യമുണ്ട്.<br>**<u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ</u>**<br>ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |

തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

**ജി.വി.രാജ സ്പോർട്സ് സ്കൂൾ & കണ്ണൂർ സ്പോർട്സ് ഡിവിഷൻ**

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളിൽ അന്തർ ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

**സ്റ്റൈൽ പദ്ധതി**

സ്റ്റൈൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്. ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്. റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ്. എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ്, കൊല്ലത്തും, ബാഡ്മിന്റൺ

എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>എലൈറ്റ് സ്കീം</u>**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ വിവിധ കായിക ഇനങ്ങളിലായി 14 മുതൽ 19 വയസ്സു വരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

**<u>കായിക ഭവൻ</u>**

കായികയുവജനകാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കായിക ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>**ജി.വി.രാജ സെന്റർ ഓഫ് എക്സലൻസ്**<br>ആധുനിക സൗകര്യങ്ങളോടുകൂടി ഉന്നത നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, മേനംകുളം ഗെയിംസ് വില്ലേജ് പ്രവർത്തിച്ചിരുന്ന ഭൂമിയിലാണ് ജി.വി.രാജ സെന്റർ ഓഫ് എക്സലൻസ് നിർമ്മിക്കുന്നത്. വിവിധ കായിക ഇനങ്ങളിൽ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള കായിക താരങ്ങൾക്ക് ഏറ്റവും ഉന്നതമായ പരിശീലനം നൽകുന്നതിനാണ് ഈ കേന്ദ്രം പ്രവർത്തിക്കുക. ജി.വി.രാജ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി 18 ഏക്കർ സ്ഥലം കായികയുവജനകാര്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | കായിക വിനോദം ജനകീയമാക്കുന്നതിനായി കിഫ്ബി ഫണ്ടുപയോഗിച്ച് പഞ്ചായത്ത് തലം മുതൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി **അനുബന്ധത്തിൽ** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | യോഗ്യരായ മികച്ച കായിക താരങ്ങൾക്ക് വിവിധ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ഇത്തരം മത്സരങ്ങളിൽ സമ്മാനം നേടുന്നവർക്കും പ്രോത്സാഹനം നൽകി വരുന്നുണ്ടോ; | (സി) | ഉണ്ട്. മികച്ച കായിക താരങ്ങൾക്ക് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മത്സരങ്ങളിൽ സമ്മാനം നേടുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി കായിക വികസന നിധി ട്രസ്റ്റ് രൂപീകരിച്ച് അതിൽ നിന്നും ധനസഹായം നൽകി വരുന്നു.<br>ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസിൽ വ്യക്തിഗതയിനങ്ങളിൽ മെഡലുകൾ നേടിയ 39 കായിക താരങ്ങൾക്കും ടീമിനത്തിൽ മെഡലുകൾ നേടിയ 169 കായിക താരങ്ങൾക്കും കായികവികസന നിധിയിൽ നിന്നും പാരിതോഷികം അനുവദിച്ചിട്ടുണ്ട്.<br>ദേശീയ/അന്തർ ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | അർഹമായ ക്യാഷ് അവാർഡ് നൽകുന്നുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>2017-ൽ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് വ്യക്തിഗത ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി മെഡൽ നേടിയവർക്ക് 7 ലക്ഷം രൂപ വീതവും. ടീമിനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു.ചിത്രയ്ക്ക് തുടർ പരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500/-രൂപയും, മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000/-രൂപയും അനുവദിച്ചിട്ടുണ്ട്.<br>ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കായിക താരങ്ങൾക്കുള്ള പരമോന്നത ബഹുമതിയായ ജി.വി.രാജ |

| | | | |
|---|---|---|---|
| | | | അവാർഡും പരിശീലകർക്കും കായിക അദ്ധ്യാപകർക്കുമുള്ള മറ്റ് അവാർഡുകളും നൽകി വരുന്നുണ്ട്.<br>ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരള കായികതാരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. കൂടാതെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരള കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1,2,3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ 1,2,3 സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു.<br>ദേശീയ/അന്തർ ദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന മുഴുവൻ ക്യാഷ് അവാർഡ് തുകയും വിതരണം ചെയ്തിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം |

| | | | |
|---|---|---|---|
| | | | സി.കെ.രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്. വർഷന്തോറും 50 മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി നിലവിലുണ്ട്. |
| (ഡി) | കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് മുൻസർക്കാരിന്റെ കാലത്ത് നിലച്ചുപോയത് പുനരാരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി നിലവിലുണ്ട്. അപ്രകാരം കായിക താരങ്ങളുടെ നിയമനത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവിലേയ്ക്ക് വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അർഹരായ അപേക്ഷകരുടെ അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന നടത്തിയശേഷം സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗാർത്ഥികളുടെ റാങ്കിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിൽ ഉചിതമായ തസ്തികയിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്. 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന ഘട്ടത്തിലാണ്. സർട്ടിഫിക്കറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ 409 പേരടങ്ങുന്ന സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന 57 പദ്ധതികൾ വിവിധ ഘട്ടങ്ങളുടെ പുരോഗതി കൈവരിച്ച ക്രമത്തിൽ ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | കിഫ്ബി അംഗീകരിച്ച തുക | പ്രവർത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| **പ്രവർത്തി തുടങ്ങിയ പദ്ധതികൾ (20 എണ്ണം)** | | | |
| ജില്ലാ സ്റ്റേഡിയം (4 എണ്ണം) | | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 34.26 | 10% പ്രവർത്തികൾ പൂർത്തിയായി |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 41.47 | ഫൗണ്ടേഷൻ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 56.01 | സൈറ്റിലെ മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തികൾ ആരംഭിച്ചു. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 36.88 | 4% പ്രവർത്തികൾ പൂർത്തിയായി |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (15 എണ്ണം) | | | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 17.04 | 25% പ്രവർത്തികൾ പൂർത്തിയായി |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം | 18.67 | 35% പ്രവർത്തികൾ പൂർത്തിയായി |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 6.82 | 35% പ്രവർത്തികൾ പൂർത്തിയായി |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. | 8.87 | 25% പ്രവർത്തികൾ പൂർത്തിയായി |
| 5 | കൊടുമൺ സ്റ്റേഡിയം | 14.10 | 20% പ്രവർത്തികൾ പൂർത്തിയായി |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5.49 | പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചു |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5.34 | 15% പ്രവർത്തികൾ പൂർത്തിയായി |
| 8 | നിലമ്പൂർ മിനി സ്റ്റേഡിയം | 18.30 | 8% പ്രവർത്തികൾ പൂർത്തിയായി |
| 9 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | 5.75 | 15% പ്രവർത്തികൾ പൂർത്തിയായി |
| 10 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.05 | 15% പ്രവർത്തികൾ പൂർത്തിയായി |
| 11 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 9.58 | 12% പ്രവർത്തികൾ പൂർത്തിയായി |
| 12 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 5.54 | ഡ്രെയിനേജ് പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. |
| 13 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 4.97 | 15% പ്രവർത്തികൾ പൂർത്തിയായി |

| | | | |
|---|---|---|---|
| 14 | താനൂർ സ്റ്റേഡിയം | 10.07 | ഫൗണ്ടേഷൻ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട് |
| 15 | മട്ടന്നൂർ സ്റ്റേഡിയം | 4.12 | തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം കഴിയുന്ന മുറയ്ക്ക് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും പ്രവർത്തികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. |
| | ബജറ്റ് 2017-18 ലെ പദ്ധതികൾ (1 എണ്ണം) | | |
| 1 | പറളി സ്കൂൾ, പാലക്കാട് | 6.937 | ഡ്രെയിനേജ് വർക്കുകൾ പുരോഗമിച്ച് വരുന്നു. |
| | **ടെണ്ടർ ചെയ്ത പദ്ധതികൾ (7 എണ്ണം)** | | |
| | ജില്ലാ സ്റ്റേഡിയം (1 എണ്ണം) | | |
| 1 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | 29.32 | തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് റീ ടെണ്ടർ ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| | പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (4 എണ്ണം) | | |
| 1 | നെടുങ്കണ്ടം സ്റ്റേഡിയം | 9.4 | പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് ഓർഡർ നൽകുവാൻ സാധിച്ചിട്ടില്ല. |
| 2 | പുല്ലൂരാംപാറ തിരുവമ്പാടി | 6.113 | തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് റീ ടെണ്ടർ ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| 3 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 9.26 | പദ്ധതി റീ ടെണ്ടർ ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് ഓർഡർ നൽകുവാൻ സാധിച്ചിട്ടില്ല. |
| 4 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | 4.932 | പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് ഓർഡർ നൽകുവാൻ സാധിച്ചിട്ടില്ല. |
| | ബജറ്റ് 2017-18 ലെ പദ്ധതികൾ (2 എണ്ണം) | | |
| 1 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 6.446 | തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് റീ ടെണ്ടർ ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| 2 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 5.634 | പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ വർക്ക് ഓർഡർ |

| | | | |
|---|---|---|---|
| | | | നൽകുവാൻ സാധിച്ചി |
| **സാങ്കേതിക അനുമതി ലഭിച്ച പദ്ധതികൾ (5 എണ്ണം)** | | | |
| ജില്ലാ സ്റ്റേഡിയം (1 എണ്ണം) | | | |
| 1 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 41.02 | തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (2 എണ്ണം) | | | |
| 1 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 7.67 | എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള ഫില്ലിംഗ് പ്രവർത്തികൾ പൂർത്തിയായതിനു ശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |
| 2 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 56.19 | പദ്ധതിയുടെ 1-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 18.48 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (2 എണ്ണം) | | | |
| 1 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 13.1 | സാങ്കേതികാനുമതി ലഭിച്ച തുക കിഫ്ബി |

| | | | |
|---|---|---|---|
| 2 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | | തുകയേക്കാൾ അധികമായതിനാൽ പദ്ധതി ടെണ്ടർ ചെയ്യുന്നതിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയതിലേക്കുള്ള അപേക്ഷ ങ/ം. കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| **സാങ്കേതികാനുമതി ലഭിക്കുവാനുള്ളവ(2 എണ്ണം)** | | | |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (2 എണ്ണം) | | | |
| 1 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 16.29 | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 2 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | | |
| **കിഫ്ബി അംഗീകാരം ലഭിക്കുവാനുള്ള പദ്ധതികൾ (10 എണ്ണം)** | | | |
| ജില്ലാ സ്റ്റേഡിയം (5 എണ്ണം) | | | |
| 1 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ങ/ം. കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | | |
| 3 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | | |
| 4 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | | |
| 5 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | | |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം) | | | |
| 1 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ങ/ം. കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | | |

| | | | |
|---|---|---|---|
| 3 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | | |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (2 എണ്ണം) | | | |
| 1 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ങ/ഒ. കിറ്റ്കോ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | | |
| **പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള പദ്ധതികൾ (4 എണ്ണം)** | | | |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം** (4 എണ്ണം) | | | |
| 1 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് ങ/ഒ. കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 2 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | | പദ്ധതിക്കായുള്ള പുതുക്കിയ ഡി.പി.ആർ ങ/ഒ. കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 3 | കോതമംഗലം ചേലാട് സ്റ്റേഡിയം | | പഞ്ചായത്തും, പോളീടെക്നിക്കുമായി എം.ഒ.യു - വിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| 4 | ആലപ്പുഴ റോവിംഗ് ട്രാക്ക് | | സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേക ഭരണാനുമതി ആവശ്യമായതിനാൽ ആയതിലേക്കുള്ള അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| **തടസ്സങ്ങൾ നേരിടുന്ന പദ്ധതികൾ - പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള (6 എണ്ണം)** | | | |
| ജില്ലാ സ്റ്റേഡിയം (3 എണ്ണം) | | | |
| 1 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| 2 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| 3 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (2 എണ്ണം) | | | |

| | | | |
|---|---|---|---|
| 1 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് [illegible]ട്. | | [illegible]തിന്റെ കൈവശാവകാശത്തെ ക്കുറിച്ചുള്ള തർക്കം നിലനിൽക്കുന്നു |
| 2 | കൊറ്റൻകര മിനി സ്റ്റേഡിയം | | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (1 എണ്ണം) | | | |
| 1 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | | നിലവിലെ കെട്ടിടം ശോചനീയാവസ്ഥയിലാണെന്നുള്ള റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. |
| **തടസ്സങ്ങൾ നേരിടുന്ന പദ്ധതികൾ - കിഫ്ബി അംഗീകാരം ലഭിച്ചവ (3 എണ്ണം)** | | | |
| 1 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 9.69 | മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |
| 2 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 10.64 | കോർപ്പറേഷനുമായി എം.ഒ.യു - വിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |
| 3 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 8.62 | നഗരസഭയുമായി എം.ഒ.യു - വിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടു പോകുന്നതാണ്. |